Draft #3 of File 21943/AD B2-3/2025/AD B 2 Approved by Registrar on 27-Sep-2025 09:33 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 21943/AD B2-3/2025/എ ഡി ബി 2

തീയതി: 27.09.2025

പ്രിയദർശിനി ഹിൽസ്

സർക്കുലർ

വിഷയം:- ഭരണകാര്യം -വിവിധ പേയ്മെന്റുകളുമായി ബന്ധപ്പെട്ട ബില്ലുകൾ , വൗച്ചറുകൾ , മറ്റു ഉത്തരവുകൾ എന്നിവയുടെ കൈമാറ്റം- രേഖപ്പെടുത്തുന്നത് സംബന്ധിച്ച് :-

സൂചന :- രജിസ്ട്രാറുടെ 09.09.2025ലെ ഉത്തരവ്

സർവ്വകലാശാലയിലെ വിവിധ പേയ്മെന്റുകളുമായി ബന്ധപ്പെട്ട ബില്ലുകൾ ,വൗച്ചറുകൾ , മറ്റു രേഖകൾ ഒരു സെക്ഷനിൽ നിന്നും മറ്റു സെക്ഷനുകളിലേയ്ക്ക് / ഡിപ്പാർട്മെന്റിലേയ്ക്ക് കൈമാറുന്ന അവസരത്തിൽ പലപ്പോഴും നഷ്ടപ്പെടുന്നതായും കൃത്യമായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരുത്താത്തതിനാൽ കണ്ടെത്താൻ കഴിയാതെ ഫയലുകളിൽ തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിടുന്നുവെന്നും ശ്രദ്ധയിൽപ്പെട്ടതിനാൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്ന് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു .

(a) ബില്ലുകൾ /വൗച്ചറുകൾ ,മറ്റു ഉത്തരവുകൾ എന്നിവ ഒരു സെക്ഷനിൽ നിന്നും മറ്റു സെക്ഷനുകളിലേക്കു/ ഡിപ്പാർട്മെന്റുകളിലേക്കു ട്രാൻസിറ്റിൽ രേഖപ്പെടുത്തി കൈമാറുമ്പോൾ അവ കൈപ്പറ്റുന്നവർ തങ്ങളുടെ പേരും ,ഡെസിഗ്നേഷനും സെക്ഷനും രേഖപെടുത്തി ഒപ്പ് വെച്ച് അവ കൈപ്പറ്റേണ്ടതും , അവ നൽകുന്ന സെക്ഷനിൽ ഉള്ളവർ തങ്ങളുടെ ട്രാൻസിറ്റിൽ കൃത്യമായി ഒപ്പിട്ടു രേഖകൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്

(b) ട്രാൻസിറ്റിൽ രേഖപ്പെടുത്തി തപാൽ സെക്ഷനിലേക്കോ , മറ്റു സെക്ഷനുകളിലേക്കോ നൽകുന്ന കത്തുകൾ / ഡോക്യുമെന്റ്സ് നോടൊപ്പം എന്തൊക്കെ മറ്റു രേഖകൾ ഉള്ളടക്കമായി നൽകിയിട്ടുണ്ട് എന്നും കൂടി കൃത്യമായി അക്കമിട്ടു ട്രാൻസിറ്റിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ് .

ഡോ.ബിസ്മി ഗോപാലകൃഷ്ണൻ
രജിസ്ട്രാർ

സ്വീകർത്താവ്

1.എല്ലാ സെക്ഷനുകൾ /പഠന വകുപ്പുകൾ / സെന്ററുകൾ
2.വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3.രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി . എ . മാർ
4.എ . ആർ . /ഡി . ആർ . /ജെ . ആർ . (ഭരണവിഭാഗം / പരീക്ഷ വിഭാഗം / ധനകാര്യ വിഭാഗം)
5.പി . ആർ . ഒ./റെക്കോർഡ്സ് / ഐ . ക്യൂ .എ . സി . /സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി .